# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2026 ഫെബ്രുവരി 18**

---

## എംജിയിൽ സർട്ടിഫിക്കറ്റ് കോഴ്സ്

*'പോളിമേഴ്സ് ഇൻ വേസ്റ്റ് വാട്ടർ മാനേജ്മന്റ് ആൻഡ് വാട്ടർ ക്വാളിറ്റി മോണിറ്ററിങ് ടെക്നിക്സ്' എന്ന വിഷയത്തിൽ മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് പോളിമർ സയൻസ് ആൻഡ് ടെക്നോളജി നടത്തുന്ന ആറുമാസം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ജലഗുണനിലവാര നിർണയം, മലിനജല സംസ്കരണം എന്നിവയുമായി ബന്ധപ്പെട്ട അടിസ്ഥാന സിദ്ധാന്തങ്ങളും പ്രായോഗിക പരിശീലനവും നൽകുന്നതാണ് കോഴ്സ്.*

KSCSTE-*സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെൻറ് ആൻഡ് മാനേജ് മെന്റ്* (CWRDM), *കാലടി ശ്രീശങ്കര കോളേജ് എന്നിവയുമായി സഹകരിച്ചാണ് കോഴ്സ് നടത്തുന്നത്. പ്രായോഗിക ക്ലാസുകൾ മഹാത്മാഗാന്ധി സർവകലാശാല ക്യാമ്പസിലും ഇണങ്ങളുണലും വിദഗ്ധരുടെ മേൽനോട്ടത്തിൽ സംഘടിപ്പിക്കും. ജോലി ചെയ്യുന്നവർക്കും വിദ്യാർത്ഥികൾക്കും ഉപകരിക്കുന്ന വിധത്തിൽ ഹൈബ്രിഡ് രീതിയിലും വാരാന്ത്യ/അവധിദിനങ്ങളിലുമായാണ് ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നത്.*

*പ്ലസ് ടു (സയൻസ്) യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. കോഴ്സ് ദൈർഘ്യം ആറുമാസം. ഫീസ് 20,000 രൂപ. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി ഫെബ്രുവരി 28.*

https://forms.gle/autfTBAqFhpW6FMD9 *എന്ന ലിങ്ക് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. വിശദ വിവരങ്ങൾക്ക് വെബ്സൈറ്റ്:* www.spst.mgu.ac.in

***ഫോൺ : 9995392693, 9497829740***

*(പി.ആർ.ഓ/39/148/2026)*

## എംജിയിൽ ബിബിഎ എൽഎൽബി ഓണേഴ്സ്

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട്സ് (എസ്.ഐ.എൽ.ടി) 202627 അധ്യയന വർഷത്തേക്കുള്ള ബി.ബി.എ എൽ.എൽ.ബി (ഓണേഴ്സ്) പ്രോഗ്രാമിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. കോമൺ അഡ്മിഷൻ ടെസ്റ്റ് (സി.എ.ടിഎം.ജി.യു 2026) പ്രവേശന പരീക്ഷയിലൂടെയാണ് തിരഞ്ഞെടുപ്പ്. ഓൺലൈൻ രജിസ്ട്രേഷൻ ഫെബ്രുവരി 20 മുതൽ ആരംഭിക്കും.*

*അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി മാർച്ച് 19. വിശദവിവരങ്ങൾക്ക് വെബ്സൈറ്റ്: www.cat.mgu.ac.in, ഫോൺ: 0481 2733595*

*(പി.ആർ.ഒ/39/149/2026)*

## അപേക്ഷ ക്ഷണിച്ചു

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസബിലിറ്റി സ്റ്റഡീസ് (ഐയുസിഡിഎസ്) നടത്തുന്ന ഡിപ്ലോമ ഇൻ പാലിയേറ്റീവ് കെയർ, കൗൺസിലിംഗ് ആൻഡ് തെറാപ്പി ഡിപ്ലോമ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.*

*യോഗ്യത പ്രീഡിഗ്രി അല്ലെങ്കിൽ പ്ലസ് ടു . പ്രായപരിധിയില്ല. ഓൺലൈൻ ഓഫ് ലൈൻ ക്ലാസുകളും പ്രായോഗിക പരിശീലനവുമുണ്ടാകും.*

*വിശദവിവരങ്ങൾക്ക് ഇമെയിൽ: iucdsmgu@mgu.ac.in, ഫോൺ :8547165178*

*(പി.ആർ.ഒ/39/150/2026)*

## എംജിയിൽ പിജി, എംടെക് , എംബിഎ പ്രോഗ്രാമുകൾ: മാർച്ച് 19 വരെ അപേക്ഷിക്കാം

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ  പഠന വകുപ്പുകളിലും ഇന്റർസ്കൂൾ സെന്ററുകളിലും  2026-27 അധ്യയന വർഷത്തേക്കുള്ള  പി.ജി., എം.ടെക്, എം.ബി.എ പ്രോഗ്രാമുകളിൽ  പ്രവേശനത്തിന്  അപേക്ഷ ക്ഷണിച്ചു. കോമൺ അഡ്മിഷൻ ടെസ്റ്റ് (സി.എ.ടിഎം.ജി.യു 2026) മുഖേനയാണ് പ്രവേശനം. ഓൺലൈൻ രജിസ്ട്രേഷൻ ഫെബ്രുവരി 20 മുതൽ ആരംഭിക്കും. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി മാർച്ച് 19. വിശദ വിവരങ്ങൾ  www.cat.mgu.ac.in എന്ന വെബ് സൈറ്റിൽ. ഫോൺ: 0481 2733595 ഇമെയിൽ: cat@mgu.ac.in*

*(പി.ആർ.ഒ/39/151/2026)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*രണ്ടാം സെമസ്റ്റർ എംജിയു യുജിപി (ഓണേഴ്സ്), എംജിയു  ബിബിഎ (ഓണേഴ്സ്), എംജിയു ബിസിഎ (ഓണേഴ്സ്) (2024 അഡ്മിഷൻ ഇംപ്രൂവ്മെന്റും റീഅപ്പിയറൻസും) ഏപ്രിൽ 2026 പരീക്ഷകൾക്ക് ഫെബ്രുവരി 17 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഫെബ്രുവരി 25 വരെയും സൂപ്പർ ഫൈനോടുകൂടി ഫെബ്രുവരി 26 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/152/2026)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**